ലഭിക്കുന്ന കടിവെള്ളത്തിന്റെ ശുദ്ധതയെക്കുറിച്ച് ചില ആശങ്കകൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നിരുന്നു. ഈ സാഹചര്യം മുന്നിൽക്കണ്ട് ജലസംഭരണിയിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കി ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണ മെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അരുവിക്കര ഡാമിന്റെ വൃഷ്ടിപ്രദേശത്ത് അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും മണലും ചെളിയും നീക്കം ചെയ്ത് ഡാമിന്റെ ആഴം കൂട്ടുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് മിനറൽ ഡിപ്പാർട്ടുമെന്റ് നടത്തിയ പഠന റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചത് പരിശോധിച്ച് വരികയാണ്. റിസർവോയറിൽ അടിഞ്ഞുകൂടിയ പായലും മറ്റ് കളകളും അടിയന്തരമായി മാറ്റുവാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

9. പൂല്ലൂർ കശുവണ്ടി ഫാക്ടറി

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പൂല്ലൂർ കശുവണ്ടി ഫാക്ടറി കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയാണ്. അത് ഏതാനും നാളുകളായി അടഞ്ഞുകിടക്കുകയാണ്. മിനിമം കൂലി 30 ശതമാനം വർദ്ധനവോടെ നടപ്പാക്കിയെങ്കിലും കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് 800-ഓളം തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. ഈ കശുവണ്ടി ഫാക്ടറി അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ മാത്രമല്ല, കശുവണ്ടി വികസന കോർപ്പറേഷന്റെ എല്ലാ ഫാക്ടറികളും ഏതാനും മാസങ്ങളായി അടഞ്ഞു കിടക്കുകയാണ്. അതിന്റെ കാരണങ്ങൾ സഭ ചർച്ച ചെയ്തിട്ടുള്ളതിനാൽ ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് കഴിഞ്ഞ ആഴ്ച ചില തീരുമാനത്തിൽ എത്തിയിട്ടുണ്ട്. ജനുവരി മാസത്തിനകം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. അതിന്റെ ഭാഗമായി മെമ്പർ സൂചിപ്പിച്ച ഫാക്ടറിയും തുറന്ന് പ്രവർത്തിക്കും.

10. C-APT-നെ അഴിമതി മുക്തമാക്കൽ

ശ്രീ. ബി. സത്യൻ: സർ, രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥയെ

LIBRARY ARCHIVES Kerala Legislative Assembly